പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1571

05.02.2019 ൽ മറുപടിയ്ക്ക്

## വാർഡ് പുനക്രമീകരണ നടപടികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** | | **ശ്രീ. എ.സി. മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ) | |
| എ) | സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വാർഡ് പുനക്രമീകരണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | എ) | വാർഡ് പുനക്രമീകരണ നടപടികൾ ആരംഭിച്ചിട്ടില്ല. |
| ബി) | ഇത് സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് കൈമാറിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | ബി) | പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി 28.03.2018 തീയതിയിലെ സ.ഉ(സാധാ) നം.877/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റി സർക്കാരിലേക്ക് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| സി) | വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | സി) | വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചിട്ടില്ല. |
| ഡി) | ഇത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികളും ഫയൽ സംബന്ധിച്ച വിവരങ്ങളും അറിയിക്കാമോ; | ഡി) | പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും ആവശ്യകതകൾ പരിശോധിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി 28.03.2018 തീയതിയിലെ സ.ഉ(സാധാ) നം.877/2018/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും ടി കമ്മിറ്റി സർക്കാരിലേക്ക് ശുപാർശ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |

| | | | |
|---|---|---|---|
| ഇ) | സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ? | ഇ) | സർക്കാർ രൂപീകരിച്ച കമ്മിറ്റിയുടെ കാലാവധി 31.01.2019 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ